# ദീപാരാധന



മംഗള ശംഖധ്വനികളിലൂടെ
നിന്നെയുണർത്താനായി
സന്ധ്യയിതാ തൻ പൂജാമണികൾ
കിലുക്കിയിറങ്ങി വരുന്നു.
ദീപാരാധന തൊഴുവാൻ, നിൻ പദ
താരുകൾ കൂപ്പി വണങ്ങാൻ
ഏകാകിനിയായ് നിൻ തിരുമുമ്പിൽ
ആരാധിക ഞാൻ നിന്നു.
കൈകളിലുള്ളതു രണ്ടോ മൂന്നോ
പൂജാമലരുകൾ മാത്രം.
എൻമിഴിനീർമണി, യിതളിൽത്തങ്ങിയ
മങ്ങിയ പൂവുകൾ മാത്രം!.

സുവർണ്ണ മുത്തുക്കുടകളുമായി
നിന്നെയെഴുന്നള്ളിക്കാൻ
ഇരുണ്ട രാവുകൾ നെറ്റിപ്പട്ടവു-
മണിഞ്ഞൊരുങ്ങി വരുന്നു.
കല്പക വൃക്ഷത്തണലുകൾ തോറും
സ്വർഗ്ഗകവാടം തേടി
ജപിച്ചു കിട്ടിയ തീർത്ഥക്കിണ്ടിയിൽ
ഗംഗാജലവും കോരി
അകത്തു മുഴുവൻ പാപം നിറയും
വിഴുപ്പു ഭാണ്ഡണവുമായി
പുറത്തു നിറയെ ഭസ്മക്കുറിയും
നരച്ച താടിയുമായി
കഴുത്തിലാകെ രുദ്രാക്ഷങ്ങൾ
കൊരുത്ത മാലയുമായി
കാവിയുടുപ്പുകൾ നീലപ്പീലി-
ക്കാവടിയേന്തി വരുന്നു.

അഖണ്ഡഗീതാ യജ്ഞക്കാരുടെ
മന്ത്രോച്ചാരണ ഭൂവിൽ
സുഗന്ധ ചന്ദനതിലകം ചാർത്തിയ
സുന്ദരിമാരുടെ മടിയിൽ

അതീന്ദ്രിയധ്യാനത്തിൽ മയങ്ങിയ
മനസ്സരസ്സിൻ കരയിൽ
കഞ്ചാവിൻെറ പുകച്ചുരുളികൾ
ദൈവമിറങ്ങി വരുമ്പോൾ
കണ്ണുകൾ പൂട്ടിയിറുക്കിയിരിക്കും
മഹർഷിമാരെക്കാൺകെ
അവരുടെ മെതിയടി തൊട്ടു വണങ്ങും
ഭക്തൻമാരെക്കാൺകെ
അവർക്കു കൈമണി കൊട്ടിത്തുള്ളും
ശിഷ്യൻമാരെക്കാൺകെ
ഏകാകിനിയായിവിടൊരു കോണിൽ
ആരാധിക ഞാൻ നിന്നു
പൊയ്മുഖമൂടികൾ നീട്ടിയ നഴലിൻ
കരി വീഴാത്തൊരു കോണിൽ.

ദീപാരാധന തീർന്നു ; തൃക്കാൽ
ത്താരതിൽ വീണു വണങ്ങി
രാധാമാധവമാടിയ യദുകുല
ഗോപികമാരുടെ കൂടെ
നിർവൃതി മൂടിയ മിഴികളുമായി
നിന്നവരെല്ലാം പോയി.
സ്വർണ്ണക്കൊടിമര മുകളിൽപ്പാറിയ
വർണ്ണക്കൊടിയുമുറങ്ങി.

ഏകാകിനിയായിപ്പൊഴുമിവിടെ
ആരാധിക ഞാൻ നില്പൂ.
നിൻ കാലടിയിൽ രണ്ടോ മൂന്നോ
പനിനീർപ്പൂവുകൾ കണ്ടു.
എൻമിഴിനീർമണി, യിതളിൽത്തങ്ങിയ
മങ്ങിയ പൂവുകളാണോ?
നിൻ മിഴിയിണയിൽ, എന്നകതാരിൽ
എന്തൊരലൗകിക ശാന്തി!
എന്തൊലൗകിക നിർവൃതിയാഹാ
നിന്തിരു സന്നിധിയികൽ! ■